# INDIAN SCHOOL AL WADI AL KABIR

## Post Mid-Term Examination 2023

**Malayalam (012)**

Date: 05/12/2023 Time Allowed :3 hours

Class: IX Maximum Marks: 80

---

*General Instructions:*

1. Please check that this question paper contains 9 questions and 9 printed pages.
2. This question paper is divided into two sections:

   Section A - Reading Comprehension, Vocabulary Building & M.C.Q – 40 Marks

   Section B - Grammar, Composition, Literature (Prose, Poetry & Non-detailed) - 40 Marks.

## SECTION – A / എ വിഭാഗം

1. **താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം) ( 8 X 1=8 )**

മഴയൊന്ന് നിന്നെങ്കിൽ മതിയായി വെള്ളം
വെയിലൊന്നു വന്നെങ്കിൽ മുടിയട്ടെ ശൈത്യം!
മഴ വന്ന കാലത്തു മഴ തന്നെ നിത്യം;
ഒരു തുള്ളി തോരാത്ത മഴയെന്തു ശല്യം
അകമേ കിടന്നാകിലിരുളിന്റെ ശൂലം;
വെളിയിൽ കടക്കേണ്ട; കുളിരിന്റെ കുന്തം!
ഇറയത്തിരിക്കേണ്ട; തൂമാനവർഷം;
പുറമേ ചവിട്ടേണ്ട; ചളികൊണ്ടു കഷ്ടം!
തുണിയൊന്നു മുക്കേണ്ട; തോരയ്ക്കു തോറ്റു;
വിറകെങ്ങു കായേണ്ടു? പുക കൊണ്ടു തോറ്റൂ.
മഴയെന്തു മോശം, മഴയെന്തു നാശം,
മഴയെത്ര നീചം, മഴയെത്ര ഹീനം!
വെറി കൊണ്ടു തോറ്റിട്ടു മഴയെത്ര കാത്തു
മഴയോർത്തു നോറ്റോരു മനമെത്ര കേണു!

ഒരു കാറ്റുകൊണ്ടെങ്കിലകമെത്ര മിന്നി

ഒരു തുള്ളി വീണെങ്കിലകമെത്ര തുള്ളി!

വരളുന്ന കാലത്തു മഴ തന്നെ മോഹം

പുഴുകുന്ന കാലത്തു മഴ തന്നെ ദാഹം!

പുകയുന്ന കാലത്തു മഴ തന്നെ സ്വപ്നം;

എരിയുന്ന കാലത്തു മഴ തന്നെ സ്വർഗം!

മഴയന്നു മെച്ചം; മഴയന്നു സ്വച്ഛം

മഴയെത്ര യോഗ്യം; മഴ തന്നെ ഭാഗ്യം!

വെയിലിന്റെ കാലത്തു വെയിലെത്ര ശല്യം

മഴ വന്ന കാലത്തു മഴയെത്ര നാശം!

**ചോദ്യങ്ങൾ**

(a) വെള്ളം മതിയായതുകൊണ്ട് എന്താണ് ആഗ്രഹിക്കുന്നത് ?

(b) എന്ത് മുടിയട്ടെ എന്നാണ് കവി പറയുന്നത് ?

(c) ഒരു തുള്ളി തോരാത്ത മഴയെ എന്തായിട്ടാണ് വിശേഷിപ്പിക്കുന്നത് ?

(d) തുളച്ചുകയറുന്ന കുളിര് എന്നതിനുപകരം കവിതയിൽ ഉപയോഗിച്ചിരിക്കുന്ന പദം ഏത് ?

(e) ഇറയത്തിരിക്കേണ്ട എന്നു പറയുന്നത് എന്തുകൊണ്ട് ?

(f) പുറമേ ചവിട്ടേണ്ടെന്ന് പറയുന്നത് എന്തുകൊണ്ട് ?

(g) എരിയുന്ന കാലത്ത് മഴയെ എന്തായിട്ടാണ് കരുതുന്നത് ?

(h) ഏതുകാലത്താണ് മഴയെ മോഹിക്കുന്നത് ?

2. **താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം) ( 7 X 1=7 )**

ഒരു ഞരമ്പിപ്പൊഴും പച്ചയായുണ്ടെന്നൊ-

രില തന്റെ ചില്ലയോടോതി

ഇലയൊന്നു കൊഴിയാതെയിപ്പോഴും ബാക്കിയുണ്ടെ-

ന്നൊരു ചില്ല കാറ്റിനോടോതി

ഒരു ചില്ല കാറ്റിൽ കുലുങ്ങാതെ നിൽപ്പുണ്ടെ-

ന്നൊരു മരം പക്ഷിയോടോതി

ഒരു മരം വെട്ടാതെയൊരു കോണിൽ കാണുമെ-
ന്നൊരു കാട് ഭൂമിയോടോതി
ഒരു കാടു ഭൂമിയിൽ ബാക്കിയുണ്ടെന്നൊരു
മല സ്വന്തം സൂര്യനോടോതി
ഒരു സൂര്യനിനിയും കെടാതെയുണ്ടെന്നു ഞാൻ
പടരുന്ന രാത്രിയോടോതി
അതുകേട്ടു ഭൂമിതൻ പീഡിതരൊക്കെയും
പുലരിയോടൊപ്പമുണർന്നു
അവരുണർന്നപ്പൊഴേ പുഴകൾ പാടി, വീണ്ടും
തളിരിട്ടു കരുണയും കാടും
പുതുസൂര്യൻ മഞ്ഞിന്റെ തംബുരു മീട്ടി, ഹാ,
പുതുതായി വാക്കും മനസ്സും
ഒരു ഞരമ്പിപ്പോഴും പച്ചയായുണ്ടെന്നൊ-
രില തന്റെ ചില്ലയോടോതി.

**<u>ചോദ്യങ്ങൾ</u>**

(a) ഇല തന്റെ ചില്ലയോട് എന്താണ് ഓതിയത് ?

(b) ഇലയൊന്നു കൊഴിയാതെ ഇപ്പോഴും ബാക്കിയുണ്ടെന്ന് ആര് ആരോടാണ് ഓതിയത് ?

(c) മരം പക്ഷിയോട് എന്താണ് പറഞ്ഞത് ?

(d) എന്തു കാണുമെന്നാണ് കാട് ഭൂമിയോട് പറഞ്ഞത് ?

(e) ഭൂമിയിൽ എന്ത് ബാക്കിയുണ്ടെന്നാണ് മല സ്വന്തം സൂര്യനോട് ഓതിയത് ?

(f) ആരാണ് പുലരിയോടൊപ്പം ഉണർന്നത് ?

(g) പുതുസൂര്യൻ എന്താണ് ചെയ്തത് ?

**3. തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (7 X 1=7)**

(a) കരച്ചിൽ എന്നർത്ഥം വരുന്ന പദം ഏത് ?

(a) പ്രലോഭനം (b) പ്രതിഫലനം

(c) രോദനം (d) ആലാപനം

(b) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക.

(a) സ്ഭോടനം (b) സ്ഫോടനം

(c) സ്പോടനം (d) സ്ബോടനം

(c) ഉത്തമം എന്ന വാക്കിന്റെ വിപരീതപദം ഏത് ?

(a) അധമം (b) അത്യുത്തരം

(c) അത്യുത്തമം (d) ഉത്തരം

(d) മേനി എന്നതിന്റെ നാനാർത്ഥപദം ഏത് ?

(a) മടി (b) ഉണർവ്

(c) ശരീരം (d) മൗനം

(e) നക്ഷത്രം എന്ന പദത്തിന്റെ ശരിയായ പര്യായപദങ്ങൾ ഏവ ?

(a) ആലയം, ഭവനം (b) ഉഡു, താരം

(c) സ്മൃതി, മതി (d) ഇനൻ, രവി

(f) ഭക്തൻ എന്ന പദത്തിന്റെ എതിർലിംഗം എന്താണ് ?

(a) ഭക്ത (b) ഭക്തർ

(c) ഭക്തം (d) ഭക്തി

(g) പുഞ്ചിരി എന്ന പദത്തിന്റെ പര്യായപദമല്ലാത്തത് ഏത് ?

(a) മന്ദഹാസം (b) സ്മേരം

(c) വദനം (d) സ്മിതം

(h) ജലധൂളി എന്നതിന്റെ ശരിയായ വിഗ്രഹരൂപം ഏത് ?

(a) ജലത്തിന്റെ ധൂളി (b) ജലത്തിലെ ധൂളി

(c) ജലവും ധൂളിയും (d) ജലമാകുന്ന ധൂളി

(i) അന്തിയിൽ എന്ന പദം പിരിച്ചെഴുതുന്നത് എങ്ങനെ ?

(a) അന്തം + ഇൽ (b) അന്തി + ഇൽ

(c) അന്തി + യിൽ (d) അന്തിയ് + ഇൽ

(j) മതി – മഹി എന്നീ പദങ്ങളുടെ അർത്ഥവ്യത്യാസം എന്ത് ?

(a) ശത്രു - വിജയം (b) കൂട്ടം - നിര

(c) ബുദ്ധി - ഭൂമി (d) രൂപം – ഭക്ഷണം

**4. തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 2 മാർക്ക് വീതം) (9 X 2=18)**

(a) "ഉള്ളവന് ആർഭാടമാകുന്നു തെളിവ് "

(i) ആർഭാടത്തിനെതിരായ നമ്മുടെ ആദ്യത്തെ ശബ്ദം ആരുടേതായിരുന്നു ?

(a) അയ്യൻകാളിയുടെ (b) ചട്ടമ്പിസ്വാമിയുടെ

(c) ശ്രീനാരായണഗുരുവിന്റെ (d) സ്വാമി വിവേകാനന്ദന്റെ

(ii) ധൂർത്താചാരങ്ങളെ സാമാന്യനിലയിലേക്ക് ഇറക്കിക്കൊണ്ടുവരാൻ കഴിയുന്നത് ആർക്കാണ് ?

(a) സർക്കാരിന് (b) സമുദായസ്ഥാപനങ്ങൾക്ക്

(c) രാഷ്ട്രീയക്കാർക്ക് (d) വ്യവസായികൾക്ക്

(b) "മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി–
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി "

(i) വണ്ടിക്കാള എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് ആരെ ?

(a) വണ്ടിക്കാരനെ (b) കവിയെ

(c) പഥികരെ (d) കൂട്ടുകാരെ

(ii) കാളകൾ എന്ന കവിത ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

(a) കർഷകഗാനം (b) കൽപശാഖി

(c) ഓർക്കുക വല്ലപ്പോഴും (d) ഓർമയ്ക്ക് താലോലിക്കാൻ

(c) "ഇത്രയും ഹൃദയഹാരിയായ കാഴ്ച ഗഗനസഞ്ചാരികളായ മാലാഖമാർ മാത്രമേ കണ്ടിട്ടുണ്ടാവുകയുള്ളൂ "

(i) ആരാണ് ഇങ്ങനെ അഭിപ്രായപ്പെട്ടത് ?

(a) വാഷിംഗ്ടൺ (b) ഡേവിഡ് ലിവിങ്സ്റ്റൺ

(c) ജോർജ് പിയേഴ്സൺ (d) എമേഴ്സൺ ജോസഫ്

(ii) പ്രകൃതിയുടെ പ്രതിഭാസങ്ങളെ അപകടങ്ങൾ തരണം ചെയ്ത് അന്വേഷിച്ചു പോകാനുള്ള പ്രേരണയുണ്ടായിരുന്നത് ആർക്കാണ് ?

(a) വെള്ളക്കാർക്ക് (b) ആഫ്രിക്കക്കാർക്ക്

(c) മൈക്കളിന് (d) സക്കറിയക്ക്

(d) "എന്റെ അച്ഛനും ചേട്ടനും വധിക്കപ്പെട്ടപ്പോൾ ജീവിച്ചിരിക്കാനുള്ള എല്ലാ മോഹവും പോയി "

(i) കർത്താർസിങിന് പിതാവിനെയും സഹോദരനെയും നഷ്ടപ്പെട്ടത് എങ്ങനെ ?

(a) ബംഗാൾ വിഭജനത്തിൽ (b) വാഹനാപകടത്തിൽ

(c) ഇന്ത്യാ വിഭജനത്തിൽ (d) ഇന്ത്യാ-പാക്ക് യുദ്ധത്തിൽ

(ii) പിതാവിന്റെ മരണശേഷം കർത്താർസിങ് ജീവിതത്തിൽ ഒരേയൊരു അർത്ഥം കണ്ടെത്തിയത് എന്തിലായിരുന്നു ?

(a) അമ്മയെ പരിചരിക്കുന്നതിൽ (b) ടാക്സി ഓടിക്കുന്നതിൽ

(c) പണം നേടുന്നതിൽ (d) പുസ്തക വായനയിൽ

(e) "ഇരുട്ടു തൽക്കാലമകറ്റിയീശൻ."

(i) സൂര്യൻ അസ്തമിക്കുമ്പോൾ ഈശൻ ഇരുട്ട് തൽക്കാലം അകറ്റുന്നത് എങ്ങനെ ?

(a) വിളക്കിന്റെ നാളം കൊണ്ട് (b) അഗ്നിജ്വാല കൊണ്ട്

(c) മിന്നൽപ്പിണർ കൊണ്ട് (d) ഉഡുപംക്തി കൊണ്ട്

(ii) ഉള്ളൂർ എഴുതിയ മഹാകാവ്യം ഏത് ?

(a) വീണപൂവ് (b) സാഹിത്യമഞ്ജരി

(c) ഉമാകേരളം (d) ചിത്രയോഗം

(f) "ആ മനസ്സിൽ ആരെയും കൊല്ലാൻ മടിക്കാത്ത ഇരുട്ട് ഉണ്ടായിരുന്നു"

(i) കുട്ടികളുമൊത്ത് ചെറുപുരയിൽ പാർത്തിരുന്ന ചെറുപ്പക്കാരനെ അഞ്ചെട്ട് കൊലപാതകങ്ങൾക്ക് പ്രേരിപ്പിച്ചത് എന്ത് ?

(a) അഹങ്കാരവും അസൂയയും (b) പക നിറഞ്ഞ വാശി

(c) അധികാരമോഹം (d) ആർഭാടജീവിത ഭ്രമം

(ii) ആദർശത്തിന്റെയും ലാളിത്യത്തിന്റെയും വടി കൊണ്ട് ആരുടെ ഉയരം കൂട്ടണമെന്നാണ് എഴുത്തുകാരൻ അഭിപ്രായപ്പെടുന്നത് ?

(a) സമ്പന്നന്റെ (b) സാധാരണക്കാരന്റെ

(c) സന്ന്യാസിയുടെ (d) ഗുരുവിന്റെ

(g) "ദുർമന്ത്രവാദം ചെയ്യും മൂങ്ങകൾ മൂളീടുമ്പോൾ "

(i) അന്തിയിൽ മൂങ്ങകൾ ദുർമന്ത്രവാദം ചെയ്യുന്നത് എന്തിന് ?

(a) വെളിച്ചം അകറ്റാൻ (b) ഇരുട്ട് അകറ്റാൻ

(c) ആളുകളെ അകറ്റാൻ (d) തിന്മ അകറ്റാൻ

(ii) എവിടെയിരുന്നാണ് മൂങ്ങകൾ ദുർമന്ത്രവാദം ചെയ്യുന്നത് ?

(a) കാഞ്ഞിരമരത്തോപ്പിൽ (b) വിഷക്കാവിൽ

(c) പേരാലിൻ ചുവട്ടിൽ (d) കുന്നിൻ മോളിൽ

(h) "ചൊവ്വോട് മൗലിയിൽ ചേർത്തുതാവൂ"

(i) അക്രൂരൻ മൗലിയിൽ ചേർത്തുവയ്ക്കാൻ ആഗ്രഹിക്കുന്നത് എന്താണ് ?

(a) ഉണ്ണിക്കൈ (b) പൂമാത്

(c) ചേവടി (d) പൂമേനി

(ii) ആക്രൂരൻ പൂഴിയിൽ വീണു പുരണ്ടത് എന്തുകൊണ്ട് ?

(a) ആമോദം കൊണ്ട് (b) യാത്രാക്ഷീണം കൊണ്ട്

(c) ദുഃഖം കൊണ്ട് (d) വിഷമം കൊണ്ട്

(i) "അങ്ങൊരു മഹാത്മാവ്, ഞാൻ ഒരു പാവപ്പെട്ട ഭക്തൻ. ഞാൻ ഒരിക്കലും അനുസരണക്കേട് കാണിക്കുകയില്ല "

(i) നിത്യചൈതന്യയതിയോട് ഇങ്ങനെ പറഞ്ഞതാരാണ് ?

(a) കർത്താർസിങ് (b) ദാമോദർ ഗാവുങ്കർ

(c) രംഗോപാൽ മിശ്ര (d) സ്റ്റേഷൻ മാസ്റ്റർ

(ii) തീവണ്ടിയിൽ നിന്ന് യതി പുറത്തിറങ്ങിയത് എന്തിനുവേണ്ടിയായിരുന്നു ?

(a) ചായ കുടിക്കാൻ (b) കാഴ്ചകൾ കാണാൻ

(c) ഊണ് കഴിക്കാൻ (d) പുസ്തകം വാങ്ങാൻ

(j) "കണ്ണനെ കാൺമതിനായല്ലോ പോകുന്നു
പുണ്യവാനെന്നതു നിർണയം ഞാൻ"

(i) കണ്ണനെ കാണാനായി അമ്പാടിയിലേക്ക് പോകുന്ന അക്രൂരന്റെ ചിന്തകളിൽപ്പെടാത്തത് ഏത് ?

(a) കണ്ണന്റെ കാന്തികണ്ട് ആനന്ദിക്കും

(b) ഓടിച്ചെന്ന് കണ്ണനെ ആലിംഗനം ചെയ്യും

(c) കണ്ണനോടൊപ്പം ഇരുന്ന് വെണ്ണ ഭക്ഷിക്കും

(d) കൃഷ്ണന്റെ ഉണ്ണിക്കൈയിൽ ഉമ്മ വയ്ക്കും

(ii) കണ്ണന്റെ കൺമുനയെ അക്രൂരൻ എന്തായിട്ടാണ് സങ്കൽപ്പിച്ചിരിക്കുന്നത് ?

(a) തൂനിലാവ് (b) ആമ്പൽപ്പൂവ്

(c) പീയൂഷവാരി (d) കാർവണ്ട്

## SECTION – B / ബി വിഭാഗം

**5. (a) പ്രയോഗം മാറ്റുക.** **(2 X 1=2)**

(i) സന്തോഷത്തോടെ ഞാൻ ആ ക്ഷണം സ്വീകരിച്ചു.

(ii) ആരാധനയെപ്പോലും ഗുരു നിരാഡംബരമാക്കി.

**(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** **(2 X 1=2)**

(i) അകലെ സാംബിയയുടെ വശത്ത് വിനോദസഞ്ചാരികൾ നിൽക്കുന്നത് നമുക്ക് ഇവിടെ നിന്നു കാണാം.

(ii) ടാക്സി റോഡരികിൽ ചേർത്തുനിർത്തിച്ചിട്ട് ഞാൻ കൂടി ഫ്രണ്ട് സീറ്റിൽ ഡ്രൈവറുടെ അടുത്ത് സ്ഥലം പിടിച്ചു.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(2 X 1=2)**

(i) ആ മനസ്സിൽ ആരെയും കൊല്ലാൻ മടിക്കാത്ത അന്ധതയുടെ ഇരുട്ട് ഉണ്ടായിരുന്നു.

(ii) അയാൾ മുന്നൂറ് രൂപ എന്റെ മടിയിൽ വച്ച് കാലിൽ തൊട്ട് പാദനമസ്കാരം ചെയ്തു.

**(d) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകുംവിധം വാക്യത്തിൽ പ്രയോഗിക്കുക.** **(2 X 1=2)**

(i) നിരോധിക്കുക (ii) കാത്തിരിക്കുക (iii) നിറഞ്ഞുനിൽക്കുക

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **( 5 )**

(i) അഴിമതി നിർമ്മാർജനം

(ii) വാർത്താമാധ്യമങ്ങൾ

(b) നിങ്ങളുടെ പ്രദേശത്ത് അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന് ഒരു കത്ത് എഴുതുക. **( 5 )**

(c) വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെക്കുറിച്ച് നിങ്ങളുടെ സ്കൂളിൽ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. ഇതിനെ അടിസ്ഥാനമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക. **( 4 )**

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)** **(2X 3=6)**

(i) ആർഭാടത്തിനെതിരായി ഗുരു നടത്തിയ പരിശ്രമങ്ങൾ എന്തെല്ലാമായിരുന്നു ?

(ii) വിക്ടോറിയ വെള്ളച്ചാട്ടത്തിലേക്കു പതിക്കുമ്പോൾ സാംബസി നദിക്കുണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാം ?

(iii) ലോകം തവിടുപൊടിയായി പോയെന്ന് ലേഖകന് തോന്നിയതെപ്പോൾ ?

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)** **(2X 3=6)**

(i) "അതായിരിക്കാം പൊരുളാ പ്രവൃത്തി-
ക്കജൻ ഹിതം മർത്ത്യനറിഞ്ഞു ചെയ്‌വോൻ " അജൻ ഹിതം അറിഞ്ഞ് മനുഷ്യൻ ചെയ്തത് എന്ത് ?

(ii) അമ്പാടിയിൽ എത്തിയ അക്രൂരൻ അവിടെ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങൾ എന്തെല്ലാം ?

(iii) അദ്ധ്വാനഭാരം വണ്ടിക്കാരനിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം ?

**9. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)** **(2X 3=6)**

(i) ശ്രീരാമകൃഷ്ണ പരമഹംസനും നരേന്ദ്രനും തമ്മിലുള്ള രണ്ടാമത്തെ കൂടിക്കാഴ്ചയെക്കുറിച്ച് വിവരിക്കുക.

(ii) "സ്വീകാരവും തിരസ്കാരവും ഒരുപോലെ കാണാൻ കഴിവുള്ള ആളായിരുന്നു നരേന്ദ്രൻ" സമർത്ഥിക്കുക.

(iii) ബിലേയുടെ ദാനശീലം വ്യക്തമാക്കുന്ന ബാല്യത്തിലെ ഒരു സംഭവമെഴുതുക.

***